# വിശ്വാസപരിശീലനകേന്ദ്രം

1. **പ്രധാനാധ്യാപകരുടെ നിയമനം:** പ്രധാനാധ്യാപകരുടെ കാലാവധി മൂന്നു വർഷമാണെന്ന് ഓർമ്മിപ്പിക്കട്ടെ. മൂന്നു വർഷം കഴിഞ്ഞ് പ്രധാനാധ്യാപകന്/ പ്രധാനാധ്യാപികയ്ക്ക് പകരമായി പുതിയ പ്രധാനാധ്യാപകനെ/പ്രധാനാധ്യാപികയെ തെരഞ്ഞെടുക്കുകയും ആ വിവരം വിശ്വാസപരിശീലന കേന്ദ്ര ഓഫീസിൽ അറിയിക്കുകയും ചെയ്യുമല്ലോ. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മാത്രമാണ് മൂന്ന് വർഷം തികഞ്ഞെങ്കിലും പ്രധാനാധ്യാപകന്/പ്രധാനാധ്യാപികയ്ക്ക് കാലാവധി നീട്ടിക്കൊടുക്കുന്നത്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ കേന്ദ്ര ഓഫീസിൽ അറിയിക്കണം. എങ്കിൽമാത്രമേ HM's ന്റെ Updation ഓഫീസിൽ രേഖപ്പെടുത്തുവാനും കാറ്റിക്കിസം സംബന്ധമായ സന്ദേശങ്ങൾ അയച്ചുകൊടുക്കുവാനും സാധിക്കുകയുള്ളു. ഈ വിവരങ്ങൾ വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടിയാണ് കേന്ദ്ര ഓഫീസിനെ അറിയിക്കേണ്ടത്. ആറ് വർഷത്തിലധികം ഒരാൾ പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപികയായി തുടരാൻ അനുവദിക്കുകയില്ല (*വചനദീപം* 2024-2025 പേജ് 101-102).

2. **പുതിയ അധ്യാപകരുടെ നിയമനം:** പുതിയ അധ്യാപകരായി നിയമിക്കപ്പെടുന്നവർ വിശ്വാസപരിശീലന കേന്ദ്ര ഓഫീസ് നടത്തുന്ന അടിസ്ഥാനപരിശീലനപരിപാടിയിൽ നിർബന്ധമായി പങ്കെടുക്കണം. വിശ്വാസപരിശീലനരംഗത്തെ എല്ലാ മേഖലകളിലും (കുട്ടികളോടൊപ്പം വിശുദ്ധ കുർബാനയിലും, അതിരൂപത, ഫൊറോന, ഇടവക ക്രമീകരിക്കുന്ന എല്ലാ പ്രവർത്തനതലങ്ങളിലും) പൂർണ്ണമായി സഹകരിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ (*വചനദീപം* 2024-2025 പേജ് 101-102).

3. **AI Seminar for Catechism Teachers:** അതിരൂപതയിലെ വിശ്വാസപരിശീലന അദ്ധ്യാപകർക്ക് വേണ്ടി 2025 മെയ് 4-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് **AI Seminar** നടത്തപ്പെടുന്നു.

4. **2024-2025 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ് 2nd Session: 2025 മെയ് 08, 09 (വ്യാഴം, വെള്ളി) തീയതികളിൽ. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.**

5. **Catechism Teachers Basic Orientation Course:** അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. ഈ വർഷം അദ്ധ്യാപനരംഗത്തേക്കു കടന്നുവരുന്നവരും കേന്ദ്ര ഓഫീസ് ഇതുവരെ സംഘടിപ്പിച്ച അടിസ്ഥാന പരിശീലനക്ലാസിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. **2025 മെയ് 10, 11 തീയതികളിൽ ഈ വർഷത്തെ ആദ്യത്തെ Residential Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ നൽകുകയും രജസ്ട്രേഷൻ ഫീസ് (750 രൂപ) കോഴ്സിനു വരുമ്പോൾ അധ്യാപകർ നേരിട്ട് അടച്ചാൽമതിയാകും.**

6. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** മെയ് 18-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ 10.00 മുതൽ 12.30 വരെ റിന്യൂവൽ സെന്ററിൽ. (രാവിലെ 8.30-ന് വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്)

7. **വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും മെയ് 18 ഞായറാഴ്ച**: 2025-26 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും എറണാകുളം-അങ്കമാലി അതിരൂപതയിൽ 2025-26 വിശ്വാസപരിശീലനവർഷത്തിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനദാനവും അതിരൂപതാതലത്തിൽ ഉച്ചകഴിഞ്ഞ് 02.00 മണി മുതൽ 04.30 വരെ.

8. **വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം:** മെയ് 25-ാം തീയതി ഫൊറോനകളുടെയോ ഇടവകയുടെ സഹചര്യം കണക്കിലെടുത്ത് ഫൊറോന തലത്തിലോ ഇടവക തലത്തിലോ വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം ക്രമീകരിക്കാവുന്നതാണ്.

9. **2025 ജൂൺ 1-ാം തീയതി ഞായറാഴ്ച: ഇടവക തലത്തിലുള്ള വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും വിശ്വാസപരിശീലന ക്ലാസ്സുകളുടെ ആരംഭവും.**

10. **സന്മാർഗബോധനവർഷം ഉദ്ഘാടനം ജൂൺ 13 ശനിയാഴ്ച:** സന്മാർഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗബോധനവർഷ ഉദ്ഘാടനവും ജൂൺ 13 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**